പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അതിലൂടെ ഉല്പന്നങ്ങൾക്ക് വേണ്ടത്ര പ്രചാരണം നൽകുന്നതിനുമുള്ള അവസരങ്ങൾ ഇപ്പോൾ നൽകി വരുന്നു. സംസ്ഥാനത്ത് കാർഷിക മേഖലയിൽ വികസന സാധ്യതകൾ വളർത്തുന്നതിനായി കേരള സർക്കാർ "BIOFACH- Global Agromeet 2014" 2014 നവംബറിൽ കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. കാർഷികമേഖലയിലധിഷ്ഠിതമായി സെമിനാറുകളും, എക്സിബിഷനുകളും ഈ പരിപാടിയുടെ ഭാഗമായി നടത്തുകയുണ്ടായി.

മലബാർ സിമന്റ്സ് ഉറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

223 (2461) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ സിമന്റ്സ് പള്ളിപ്പുറം യൂണിറ്റ് ഉറന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ; ഈ കമ്പനി എന്ന് ഉറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മലബാർ സിമന്റ്സിന്റെ പ്രവർത്തിക്കാതെ കിടക്കുന്ന പള്ളിപ്പുറം യൂണിറ്റ് ഉറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ നടന്നുവരുന്നു. കുറേക്കാലമായി പ്രവർത്തിക്കാതിരുന്നതിനാൽ വേണ്ടി വരുന്ന അറ്റകുറ്റപ്പണികളും അനുബന്ധ ജോലികളും പൂർത്തിയായിവരുന്നു. പള്ളിപ്പുറം പ്ലാന്റിൽ ജീവനക്കാരുടെ അഭാവംമൂലം വാളയാർ പ്ലാന്റിലുള്ളവരുടെ സേവനം ഇതിനായി ഉപയോഗിച്ചുവരുന്നു. യൂണിറ്റ് ഉറന്ന പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ക്ലിങ്കർ, ജിപ്സം, ഫ്ലൈ ആഷ് മുതലായവ അടിയന്തരമായി പ്ലാന്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. 2015 ആരംഭത്തോടെ യൂണിറ്റ് പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുള്ള തൊഴിൽദിനങ്ങൾ

224 (2462) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എത്ര തൊഴിൽദിനങ്ങൾ നൽകി എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവിടങ്ങളിലെ 2011-2014 വർഷങ്ങളിലെ തൊഴിൽ ദിനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കഴുവണ്ടി വികസന കോർപ്പറേഷൻ :

2011	-	288
2012	-	231
2013	-	222
2014	-	155 (നവംബർ വരെ)

കാപെക്സ് :

2011	-	216
2012	-	274
2013	-	211
2014	-	227 (ഡിസംബർ 3 വരെ)

(ബി) സ്വകാര്യ കഴുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

2011 – 12	-	199
2012 -13	-	209
2013 -14	-	216
2014 നവംബർ വരെ		119.

മാവൂരിലെ ഗ്രാസിം വക സ്ഥലം ഏറ്റെടുക്കൽ

225 (2463) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിലെ ഗ്രാസിം വക സ്ഥലം ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എ.-മാർ ഒപ്പിട്ട നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?